**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1540** **19-01-2021 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ എം. രാജഗോപാലൻ,<br>ശ്രീ. സജി ചെറിയാൻ,<br>ശ്രീ.ഡി.കെ.മുരളി | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ പുതുതായി ആരംഭിച്ചിട്ടുള്ള കർഷക ക്ഷേമനിധി ബോർഡ് കർഷകർക്ക് കുറഞ്ഞത് അയ്യായിരം രൂപയെങ്കിലും പെൻഷൻ ലഭ്യമാക്കുമെന്ന കർഷകരുടെ പ്രതീക്ഷ യാഥാർത്ഥ്യമാക്കുന്ന തരത്തിൽ സ്കീം ആവിഷ്കരിച്ച് കാര്യക്ഷമമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കർഷക ക്ഷേമനിധി ബോർഡ് മുഖേനെ അംഗങ്ങളായ കർഷകർക്ക് അറുപതു വയസ്സ് തികയുന്നതോടെ അടച്ച അംശദായത്തിന് ആനുപാതികമായി പെൻഷൻ നൽകുന്ന പദ്ധതിയാണ് തയ്യാറാക്കി വരുന്നത്. മിനിമം പെൻഷൻ തുക സംബന്ധിച്ച തീരുമാനം ഉടനെ എടുക്കുന്നതാണ്. |
| (ബി) | രാജ്യത്തെ ആദ്യ കർഷക ക്ഷേമനിധി ബോർഡിലൂടെ ആർക്ക് ഏതെല്ലാം വിധത്തിലുള്ള പ്രയോജനം ലഭ്യമാക്കാനാണുദ്ദേശിക്കുന്നതെന്നും സർക്കാർ വിഹിതമെത്രയെന്നും അറിയിക്കാമോ; | (ബി) | കർഷക ക്ഷേമനിധി ആക്ട് 2019ൻ പ്രകാരം കർഷകൻ എന്ന നിർവചനത്തിൽ പെടുന്ന എല്ലാ കർഷകർക്കും പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകും. കർഷകൻ എന്നാൽ ഉടമസ്ഥനായോ അനുമതി പത്രക്കാരനായോ വാക്കാൽ പാട്ടക്കാരനായോ സർക്കാർ ഭൂമി പാട്ടക്കാരനായോ കുത്തകപാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി മറ്റു വിധത്തിലും അഞ്ചു സെന്റിൽ കുറയാതെയും പതിനഞ്ചു ഏക്കറിൽ കവിയാതെയും വിസ്തീർണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും അഞ്ചു ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ളതും മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗ്ഗമാക്കിയിരിക്കുകയും ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു. റബ്ബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ സംഗതിയിൽ ഏഴര ഏക്കറിൽ കൂടുതൽ ഭൂമി ഏതെങ്കിലും വിധത്തിൽ കൈവശം വെക്കുന്നവർ ഇക്കാര്യത്തിൽ കർഷകന്റെ നിർവചനത്തിൽ പെടാത്തതാകുന്നു. കർഷക ക്ഷേമ നിധിയിൽ അംശദായം കുറഞ്ഞത് 100 രൂപയും തത്തുല്യമായ തുക സർക്കാർ വിഹിതമായും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ വിഹിതം പരമാവധി 250രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട് . കർഷക ക്ഷേമനിധി ബോർഡ് മുഖേന കർഷകർക്ക് താഴേ പറയും പ്രകാരമുള്ള ആനുകൂല്യങ്ങൾ |

| | | | |
|---|---|---|---|
| | | | ലഭ്യമാകും. 1. അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടച്ച അംഗങ്ങൾക്കു അറുപതു വയസ്സ് തികയുമ്പോൾ മുതൽ ആനുപാതിക പെൻഷൻ 2. കുടുംബ പെൻഷനും മരണാനന്തര പെൻഷനും 3. സ്ഥായിയായ ശാരീരിക മാനസീക അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം 4. അംഗങ്ങളുടെ ചികിത്സ സഹായം. വനിതാ അംഗങ്ങളുടെ പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ നൽകൽ, വനിതാ അംഗങ്ങളുടെയോ കർഷകരുടെയോ പെണ്മക്കളുടെ വിവാഹ ത്തിനുള്ള ധനസഹായം, അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള ധനസഹായം. 5. ഇരുപത്തിയഞ്ചു വർഷം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്കു പദ്ധതി പ്രകാരം നിശ്ചയിക്കുന്ന ഒരു തുക ഒറ്റ തവണയായി നൽകൽ 6. അംഗങ്ങൾക്കുണ്ടാവുന്ന അപകടങ്ങൾക്കും അപകടമരണങ്ങൾക്കും നഷ്ടപരിഹാരം നൽകൽ. |
| (സി) | കർഷകരുടെ കഠിനാദ്ധ്വാനം കുത്തക കമ്പനികളുടെ ചൂഷണത്തിനുപാധിയാക്കാതെ അവർക്കു ന്യായവില ലഭ്യമാക്കുന്നതിനും കൃഷി ആദായകരമായ തൊഴിലാക്കി മാറ്റുന്നതിനും സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | കർഷകർക്ക് വിവിധ കാർഷികോല്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ താഴെ പറയുന്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട് . റബ്ബർ സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ന്യായവില ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 1.7.2015 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ ബഡ്ജറ്റിൽ റബ്ബറിന്റെ താങ്ങു വില കിലോയ്ക്ക് 150 രൂപയിൽ നിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പഴം പച്ചക്കറി കാർഷികോല്പന്നങ്ങൾക്കു വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിൻറെ ഭാഗമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാനാണ് പദ്ധതി നടപ്പിലാക്കുന്നത്. 1 . കർഷകർക്ക് വില സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കുക. 2. വിപണി വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിൽ നിന്ന് കർഷകരെ സംരക്ഷിക്കുക. 3 . തിരഞ്ഞെടുത്ത വിളകളുടെ വില കുത്തനെ ഇടിയുമ്പോൾ കർഷകരിൽ നിന്നും തറ വിലയിൽ സംഭരണം നടത്തി കർഷകരെ സംരക്ഷിക്കുക. 4 . കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുകയും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക. 5 . ബന്ധപ്പെട്ട എല്ലാ ഏജൻസികളെയുൾപ്പെടുത്തി മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുക. ഒരു നിശ്ചിത കാർഷികോല്പന്നത്തിന്റെ ഉല്പാദനത്തിന് കർഷകന് |

| | | | |
|---|---|---|---|
| | | | ലഭിക്കുന്ന ഏറ്റവും കുറഞ്ഞ വിലയാകും അടിസ്ഥാന വിലയെന്നും അടിസ്ഥാന വില പ്രഖ്യാപിക്കുന്നതോടെ അടിസ്ഥാന വിലയേക്കാൾ വിപണി വിലയിൽ ഇടിവുണ്ടാകുമ്പോൾ അടിസ്ഥാന വില കർഷകന് ലഭിക്കുന്നതിനാൽ കര്ഷകന് ഉണ്ടാകുന്ന വരുമാന നഷ്ടം തടയുമെന്നും അത് വഴി കാർഷിക താല്പര്യം സംരക്ഷിക്കുവാനും വിപണിയിലെ വില വ്യതിയാനങ്ങൾ തടയുവാൻ സാധ്യമാകും. കൂടാതെ അടിസ്ഥാന വില നിർണ്ണയം ഒരു കര്ഷകന് നിശ്ചിത വരുമാനം ഉറപ്പാക്കുന്നതിനാൽ അടിസ്ഥാന വിലയുള്ള വിളകൾ കൃഷി ചെയ്യാൻ കർഷകനെ പ്രേരിപ്പിക്കുന്നു. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്, ഇക്കോഷോപ്പുകൾ തുടങ്ങി 550 മാർക്കറ്റുകൾ വഴി വിളകൾ ശേഖരിക്കുന്നതാണ്. അടിസ്ഥാന വിലയേക്കാൾ വിപണി വില താഴുന്ന സാഹചര്യത്തിൽ ജില്ലാതല പ്രൈസസ് മോണിറ്ററിങ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം സംഭരണ ഏജൻസികൾ പദ്ധതി നടപ്പിലാക്കി വരുന്നു. നെല്ല് നെല്ലിന്റെ താങ്ങു വിലയ്ക്കുപുറമെ സംസ്ഥാന വിഹിതമായി നൽകുന്ന സ്റ്റേറ്റ് ബോണസ് ഇൻസെന്റീവ് 2018-19 ൽ കിലോയ്ക്ക് 7 രൂപ 80 പൈസയിൽ നിന്നും 2019-20 ൽ 8 രൂപ 80 പൈസയാക്കി ഉയർത്തി. നെല്ലിന് ന്യായവില ഉറപ്പാക്കാൻ ഇത് മൂലം സാധിച്ചു. പുതിയ ബഡ്ജറ്റിൽ നെല്ലിന്റെ താങ്ങ് വില 28 രൂപയായി ഉയർത്തിയിട്ടുണ്ട്. നാളികേരം അത് പോലെ തന്നെ നാളികേരത്തിന്റെ കാര്യത്തിൽ 2019 ൽ പച്ച തേങ്ങ സംഭരിക്കുന്നതിനായി കിലോയ്ക്ക് 27 രൂപയായി നിശ്ചയിച്ചിരുന്നു. പുതിയ ബഡ്ജറ്റിൽ പച്ചതേങ്ങയുടെ താങ്ങ് വില 32 രൂപയായി ഉയർത്തിയിട്ടുണ്ട്. ന്യായ വില ഉറപ്പാക്കുന്നതിനായി മേൽ പറഞ്ഞ പദ്ധതികളും, അതോടൊപ്പം സുഭിക്ഷ കേരളം പരിപാടിയുടെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ വിവിധ വിളകളുടെ ഉല്പാദത്തിനുള്ള പ്രോത്സാഹനവും ,കൃഷി ലാഭകരമാക്കുന്നതിനും, ചൂഷണത്തിൽ നിന്നും മുക്തമാക്കുന്നതിനും ഗണ്യമായ തോതിൽ പ്രയോജനപ്പെട്ടിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ